ശബരിമലയിൽ 3200 ലാട്രിനുകൾ, 80 ബാത്ത് റൂമുകൾ, 20 ലക്ഷം ലിറ്റർ ശേഷിയുള്ള ജലസംഭരണികൾ സന്നിധാനത്തു നിന്നും മാളികപ്പുറത്തേക്കുള്ള ഫ്ളൈ ഓവറിൽ മേലക്കൂര, 400 Kg/hr ശേഷിയുള്ള ഇൻസിനറേറ്റർ, താമസ സൗകര്യങ്ങളുടെ വിപുലീകരണം എന്നിവ ചെയ്തിട്ടുണ്ട്. കൂടാതെ ക്യൂ കോംപ്ലക്സ് നിർമ്മാണം, റോപ്വേ നിർമ്മാണം, അന്നദാന മണ്ഡപത്തിന്റെയും പ്രസാദ മണ്ഡപത്തിന്റെയും നിർമ്മാണം പമ്പമുതൽ ശരംകുത്തിവരെയുള്ള തീർത്ഥാടന പാതയുടെയും സ്വാമി അയ്യപ്പൻ റോഡിന്റെയും മേൽക്കൂര നിർമ്മാണം, പമ്പയിൽ 1.5 എം.എൽ.ഡി.-യുടെയും ശബരിമലയിൽ 5 എം.എൽ.ഡി.യുടെയും സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റുകളുടെ നിർമ്മാണം, നിലയ്ക്കലിൽ ശബരിഭവനുകളുടെ നിർമ്മാണം, നിലയ്ക്കൽ ക്ഷേത്രവികസനം, നിലയ്ക്കൽ പെട്രോൾ പമ്പ് സ്ഥാപിക്കൽ, കുടിവെള്ള സംഭരണികളുടെ നിർമ്മാണം, നിലയ്ക്കൽ ചെക്ക് ഡാം നിർമ്മാണം എന്നിവയ്ക്കു മുൻതൂക്കം നൽകുന്നു.

(ബി) ഇക്കാര്യം ഇപ്പോൾ തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ പരിഗണനയിൽ ഇല്ല.

ശബരിമല മാസ്റ്റർ പ്ലാൻ നടപ്പാക്കുന്നതിനുള്ള നടപടികൾ

242 (2000) ശ്രീ. കെ. എം. മാണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ദേവസ്വവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ശബരിമല മാസ്റ്റർ പ്ലാൻ നടപ്പാക്കുന്നതിലേക്ക് എന്തെല്ലാം നടപടികൾ സ്വീകരിച്ചു ;

(ബി) ശബരിമല മാസ്റ്റർ പ്ലാൻ നടപ്പിലാക്കുന്നതിലുള്ള ബുദ്ധിമുട്ടുകൾ എന്തെല്ലാം ;

(സി) പ്രസ്തുത ബുദ്ധിമുട്ടുകൾ മാറ്റാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചു ;

(ഡി) പദ്ധതി എന്നത്തേക്ക് പൂർത്തിയാക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത് ;

(ഇ) പദ്ധതിയുടെ അടങ്കൽ തുക എത്ര ;

(എഫ്) നാളിതുവരെ എത്ര തുക ചെലവഴിച്ചു എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ശബരിമല മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തി നിലയ്ക്കലിൽ ഒരു വിശ്രമപന്തൽ നിർമ്മിച്ചു. 400 ലാട്രിനുകൾ നിർമ്മിച്ചു. കുടിവെള്ള വിതരണ ശൃംഖല ഏർപ്പെടുത്തി. കുടിവെള്ള സംഭരണികൾ നിർമ്മിച്ചു. പാർക്കിംഗ് ഗ്രൗണ്ടിലേക്കുള്ള റോഡുകൾ നവീകരിച്ചു. പോലീസ് സ്റ്റേഷൻ കെട്ടിടം നിർമ്മിച്ചു. വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥർക്കും പോലീസ് ഉദ്യോഗസ്ഥർക്കും താമസിക്കുന്നതിന് 3 ബഹുനില കെട്ടിടങ്ങൾ നിർമ്മിച്ചു. 2 എണ്ണത്തിന്റെ നിർമ്മാണ ജോലികൾ നടന്നുവരുന്നു. ഖരമാലിന്യ നിർമ്മാർജ്ജനത്തിനായി 400 Kg/hr ശേഷിയുള്ള ഇൻസിനറേറ്ററുകൾ സ്ഥാപിച്ചു. ഡസ്റ്റ് ബിന്നുകൾ സ്ഥാപിച്ചു. പാർക്കിംഗ് ഗ്രൗണ്ടുകൾ നിർമ്മിച്ചു. പള്ളിക്കുളം നവീകരിച്ചു. പമ്പയിൽ വിശ്രമ പന്തൽ നിർമ്മിച്ചു. (20000 സ്കയർ ഫീറ്റ്) പമ്പയിൽ

LIBRARY ARCHIVES Kerala Legislative Assembly

പുതുതായി 400 kg/hr ശേഷിയുള്ള ഇൻസിനറേറ്ററുകൾ സ്ഥാപിച്ചു. ഖരമാലിന്യങ്ങൾ ശേഖരിച്ചു വേർതിരിക്കുന്നതിനായി ഷെഡ്ഡുകൾ നിർമ്മിച്ചു. അപ്പാച്ചി മേട്ടിലും നീലിമലയിലും താമസസൗകര്യങ്ങൾ ഉൾപ്പെടെയുള്ള കാർഡിയോളജി സെന്ററുകൾ സ്ഥാപിച്ചു. പമ്പയിൽ 160 പുതിയ ലാട്രിനുകൾ നിർമ്മിച്ചു. അപ്പാച്ചിമേട്ടിൽ വിശ്രമ കേന്ദ്രം സ്ഥാപിച്ചു. പരമ്പരാഗത പാതയിൽ ലാട്രിൻ ബ്ലോക്കുകൾ നിർമ്മിച്ചു. ചന്ദ്രാനന്ദൻ റോഡ് വീതി കൂട്ടി സംരക്ഷണ ഭിത്തി കെട്ടി കോൺക്രീറ്റ് ചെയ്തു. അപ്പാച്ചി മേട് നീലിമലഭാഗത്ത് 4 സ്ഥലങ്ങളിൽ മേൽക്കൂര നിർമ്മിച്ചു. ശബരിമലയിൽ 320 ലാട്രിനുകളും 80 ബാത്ത്റൂമുകളും നിർമ്മിച്ചു. സന്നിധാനത്തു നിന്നും മാളികപ്പുറത്തേക്കുള്ള ഫ്ളൈഓവറിനു മുകളിൽ മേൽക്കൂര നിർമ്മിച്ചു. ശബരിമലയിൽ 20 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള 2 വാട്ടർ ടാങ്കുകൾ നിർമ്മിച്ചു. ശബരിമല മാസ്റ്റർ പ്ലാൻ നടപ്പാക്കുന്നതിനു വേണ്ടി മേൽനോട്ടം വഹിക്കാൻ ശ്രീ. കെ. ജയകുമാർ ഐ.എ.എസ്. അഡീഷണൽ ചീഫ് സെക്രട്ടറി (ദേവസ്വം) അദ്ധ്യക്ഷനായി ഒരു ഉന്നതാധികാര സമിതിയെ ബഹു. ഹൈക്കോടതി നിയോഗിച്ചിട്ടുണ്ട്. ഉന്നതാധികാരസമിതിയുടെ തീരുമാനപ്രകാരം പദ്ധതികൾക്കു വേണ്ട തുക സമാഹരിക്കുവാൻ "ശബരിമല മാസ്റ്റർ പ്ലാൻ ഇൻഫ്രാസ്ട്രക്ച്ചർ ഫണ്ട് ട്രസ്റ്റ്" രൂപവൽകരിച്ച് പ്രവർത്തിച്ചുവരുന്നു. മാസ്റ്റർ പ്ലാനെ അടിസ്ഥാനമാക്കി നിലയ്ക്കൽ ശബരിമല എന്നിവയുടെ ലേഔട്ട് പ്ലാൻ തയ്യാറാക്കാനും കൃ കോംപ്ലക്സ് നിർമ്മാണത്തിന്റെ ഡിസൈൻ തയ്യാറാക്കാനും റോപ്പ്വേ നിർമ്മാണത്തിനുള്ള സാധ്യതാ റിപ്പോർട്ട് തയ്യാറാക്കാനും കരാറുകൾ നൽകിയിട്ടുണ്ട്.

(ബി&സി) പ്രധാനമായ ബുദ്ധിമുട്ട് സാമ്പത്തിക ലഭ്യതയിലാണ്. സാമ്പത്തിക സ്രോതസ്സ് വിപുലീകരിക്കുന്നതിലേക്ക് ഇൻഫ്രാസ്ട്രക്ച്ചർ ഫണ്ട് രൂപീകരിച്ച് പ്രവർത്തനം നടത്തിവരുന്നു.

(ഡി) 2015 വരെയുള്ള ഒന്നാംഘട്ട പദ്ധതികളും 2050 വർഷം വരെയുള്ള രണ്ടാംഘട്ട പദ്ധതികളുമാണ് മാസ്റ്റർ പ്ലാനിലുള്ളത്. അവ ഘട്ടം ഘട്ടമായി നടപ്പിലാക്കി വരുന്നു.

(ഇ) മാസ്റ്റർ പ്ലാൻ നടപ്പിൽ വരുത്തുന്നതിന് 500 കോടി രൂപയിലധികം സമാഹരിക്കേണ്ടതുണ്ട്. വർഷാവർഷം ദേവസ്വം ബോർഡു ബഡ്ജറ്റുകളിൽ തുക വകകൊള്ളിച്ചിരിക്കുന്നു. തൽവർഷം ₹ 20 കോടി വകകൊള്ളിച്ചിരിക്കുന്നു.

(എഫ്) വിവരം ശേഖരിച്ചു വരുന്നു.

ശബരിമല മാസ്റ്റർ പ്ലാൻ സമയബന്ധിതമായി നടപ്പാക്കാനുള്ള നടപടി

243 (2001) ശ്രീ. കെ. കെ. ഷാജു :

ശ്രീ. കെ. ബി. ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ദേവസ്വവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശബരിമല വികസനത്തിനുള്ള മാസ്റ്റർ പ്ലാൻ സമയബന്ധിതമായി നടപ്പാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നത് എന്ന് വ്യക്തമാക്കുമോ :

LIBRARY ARCHIVES Kerala Legislative Assembly